**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **30-08-2022 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയമസഭാമണ്ഡലത്തിന് കീഴിൽ വരുന്ന എട്ട് പഞ്ചായത്തുകളിൽ നിലവിൽ തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ എണ്ണം, അവരുടെ സംസ്ഥാനം എന്നീ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരു ജില്ലയിൽ തന്നെ ജോലി എടുക്കാത്തതിനാൽ അവരുടെ കൃത്യമായ കണക്ക് ലഭ്യമാകുന്നതല്ല. തൊഴിൽ വകുപ്പ് മുഖേന അതിഥി തൊഴിലാളികൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ആവാസ്" പദ്ധതി പ്രകാരം നാളിതുവരെ അരുവിക്കര നിയമസഭാ മണ്ഡലത്തിന് കീഴിൽ വരുന്ന 8 പഞ്ചായത്തുകളിൽ തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ എണ്ണം, അവരുടെ സംസ്ഥാനം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010 പ്രകാരം, ഗസ്റ്റ് ആപ്പ് വഴി രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>അരുവിക്കര-175, ആര്യനാട്-6, തൊളിക്കോട്-0, വിതുര-0, ഉഴമലയ്ക്കൽ-6, വെള്ളനാട് -0, കുറ്റിച്ചൽ-83, പൂവച്ചൽ -30 |
| (ബി) | അതിഥി തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും ഉറപ്പ് വരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് ‘ആവാസ്’ എന്ന ഇൻഷുറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ടി പദ്ധതിയുടെ വിവരശേഖരണം നടന്നു വരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ‘ആവാസ്’ പദ്ധതിയുടെ പരിധിയിൽ വരുന്നത്.<br><br>2020 ലോക്ക്ഡൗണിനുശേഷം സംസ്ഥാനത്ത് ജോലിക്കായി എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ |

തൊഴിലാളികളെ സംബന്ധിച്ച് വിവരശേഖരണത്തിനായി 'അതിഥി പോർട്ടൽ' കേരള സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലേയ്ക്ക് തൊഴിലിനായി വരുന്ന അതിഥി തൊഴിലാളികൾക്ക് അവരുടെ യാത്ര സ്വന്തം സംസ്ഥാനത്ത് നിന്ന് ആരംഭിക്കുന്നതിന് മുൻപ് തന്നെ 'അതിഥി പോർട്ടൽ' മുഖേന രജിസ്റ്റർ ചെയ്യുന്നതിനും കേരളത്തിൽ എത്തുന്ന മുറയ്ക്ക് അതിഥി തൊഴിലാളികൾക്കായി സംസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന ബയോമെട്രിക് വിവരങ്ങൾ നൽകികൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും, സർക്കാർ അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും കഴിയുന്നു. കോവിഡ് പോലുള്ള പകർച്ചവ്യാധികളോ മറ്റ് അടിയന്തര സാഹചര്യങ്ങളോ ഉണ്ടാകുന്ന ഘട്ടത്തിൽ അതിഥി തൊഴിലാളികൾക്ക് വിവരങ്ങളും നിർദ്ദേശങ്ങളും ലൈവായി മൊബൈൽ പോർട്ടലിലൂടെ നൽകികൊണ്ട് അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. ടി പോർട്ടലിലൂടെ അതിഥി തൊഴിലാളികൾക്കും തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും തൊഴിലാളികളുടെ വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്.

കേരളത്തിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി ആവിഷ്കരിക്കുകയും, ആയതിന്റെ നടത്തിപ്പ് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. രജിസ്ട്രേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിന് “Guest App” എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ബോർഡിലെ എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കും തൊഴിലിടങ്ങളിൽ നേരിട്ട് ചെന്ന് മൊബൈൽ ഫോൺ ഉപയോഗിച്ച് ഫോട്ടോയെടുത്ത് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സൗകര്യം “Guest App”-ൽ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ആപ്പ് മുഖേന രജിസ്ട്രേഷൻ ചെയ്യുന്ന തൊഴിലാളികൾക്ക് ഐ.ഡി.കാർഡും, രസീതും തൊഴിലാളികളുടെ വാട്സ്ആപ്പ് നമ്പറിൽ തന്നെ ലഭ്യമാകുന്ന സാങ്കേതിക സംവിധാനവും ഈ ആപ്പിൽ ലഭ്യമാണ്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനിൽ കാര്യമായ പുരോഗതി

| | | | |
|---|---|---|---|
| | | | കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗസ്റ്റ് ആപ്പ് വികസിപ്പിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | സംസ്ഥാനം | അരുവിക്കര | ആര്യനാട് | തൊളിക്കോട് | വിതുര | ഉഴമലയ്ക്കൽ | വെള്ളനാട് | കുറ്റിച്ചൽ | പൂവ്വച്ചൽ | **ആകെ** |
|---|---|---|---|---|---|---|---|---|---|---|
| 1. | ആന്റമാൻ നിക്കോബാർ | 01 | - | - | - | - | - | - | - | **01** |
| 2. | ആന്ധ്രാ പ്രദേശ് | 05 | 01 | - | 05 | - | - | - | - | **11** |
| 3. | അരുണാചൽ പ്രദേശ് | 02 | - | - | 01 | 03 | - | - | - | **6** |
| 4. | അസ്സാം | 143 | 15 | 16 | 38 | 14 | 24 | - | 06 | **256** |
| 5. | ബീഹാർ | 05 | 12 | - | 200 | - | 05 | - | - | **222** |
| 6. | ജമ്മു കാശ്മീർ | 01 | - | - | - | - | - | - | - | **01** |
| 7. | ജാർഖണ്ഡ് | 03 | 04 | 02 | 88 | 01 | 08 | - | 09 | **115** |
| 8. | കർണ്ണാടക | 07 | - | - | - | - | - | - | - | **07** |
| 9. | മധ്യപ്രദേശ് | 31 | - | - | 08 | - | - | - | 06 | **45** |
| 10. | മഹാരാഷ്ട്ര | 01 | - | - | 03 | 01 | - | - | - | **5** |
| 11. | മേഘാലയ | 01 | - | - | - | - | - | - | - | **01** |
| 12. | ഒഡീഷ | 11 | - | - | - | - | 17 | - | 04 | **32** |
| 13. | തമിഴ് നാട് | 14 | 03 | 16 | - | 03 | - | 01 | - | **37** |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 14. | ത്രിപുര | - | 02 | - | - | - | - | - | - | 02 |
| 15. | പശ്ചിമ ബംഗാൾ | 253 | 13 | 09 | - | 69 | 11 | 14 | 14 | 383 |
| 16. | ചത്തീസ് ഗഡ് | - | - | - | 06 | - | - | - | - | 06 |
| 17. | ഡൽഹി | - | - | - | 01 | - | 01 | - | - | 02 |
| 18. | ഗുജറാത്ത് | - | - | - | 01 | - | - | - | - | 01 |
| | **ആകെ** | **478** | **50** | **43** | **351** | **91** | **66** | **15** | **39** | 1133 |

സെക്ഷൻ ഓഫീസർ.